(ബി-ഡി) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് വിതരണം ചെയ്യുവരുന്ന ക്ഷേമാനുകൂല്യങ്ങൾക്ക് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല.

എംപ്ലോയബിലിറ്റി സെന്ററുകൾ

234 (935) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത സെന്ററിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ കണ്ടെത്തി സോഫ്റ്റ് സ്കിൽസുകൾക്ക് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത സ്ഥാപനങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. അതോടൊപ്പം വിവിധ തൊഴിൽദാതാക്കളുമായി സഹകരിച്ച് പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ ലക്ഷ്യം.

(സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ നിലവിൽ കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലായി അഞ്ച് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ആലപ്പുഴ, കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം തുടങ്ങുന്ന എംപ്ലോയബിലിറ്റി സെന്ററുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാകുകയും ഇവയുടെ എച്ച്.ആർ. പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. എംപ്ലോയബിലിറ്റി സെന്ററുകളുടെ എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കേരള സർക്കാർ സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെ.എ.എസ്.ഇ.) മുഖേന പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയാണ് നടത്തുന്നത്. നിലവിൽ അഞ്ച് എംപ്ലോയബിലിറ്റി സെന്ററുകളിൽ എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

തൊഴിലാളികൾക്ക് സംരക്ഷണം

235 (936) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളികൾക്ക് സംരക്ഷണം നൽകാനുള്ള എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമവേളകളിൽ ഇരിക്കാനുമുള്ള സൗകര്യംകൂടി തൊഴിടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും ക്രെഷ്, ടോയ്‌ലറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 16-9-2015 തീയതി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേമെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് പദ്ധതിയായി നടന്നുവരുന്നു. ഇതിന്റെ ഭാഗമായി മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള കരട് വിജ്ഞാപനം 8-7-2015-ാം തീയതിയിൽ പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പുദ്യോഗസ്ഥർ സമയബന്ധിതമായി പരിശോധന നടത്തുകയും വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly